# ശോഭ ഡെവലപ്പേഴ്സിനു അവാർഡ്

കൊച്ചി: രാജ്യത്തെ പ്രമുഖ റിയാൽറ്റി കമ്പനി ശോഭ ഡെവലപ്പേഴ്സിനു 2010ലെ സിഎൻബിസി പുരസ്കാരം. കമ്പനിയുടെ പ്രൊജക്റ്റായ ശോഭ ഡാഫോഡിലിനാണു അഞ്ചുലക്ഷം ചതുരശ്ര അടിയിൽ കൂടുതലുള്ള മികച്ച ഭവന പദ്ധതിക്കുള്ള സിഎൻബിസി ആവാസ് ക്രിസിൽ-സിആർഇഡിഎഐ റിയൽ എസ്റ്റേറ്റ് 2010 അവാർഡ് ലഭിച്ചത്. സിംഗപ്പൂരിലെ മറീന ബേയിൽ നടന്ന ചടങ്ങിൽ ശോഭ ഡെവലപ്പേഴ്സ് ആർക്കിടെക്ചർ വിഭാഗം സീനിയർ വൈസ് പ്രസിഡന്റ് ഗീത നായർ പുരസ്കാരം ഏറ്റുവാങ്ങി. 7,77,200 ചതുരശ്ര അടിയിൽ, 4323ബെഡ്റൂം അപ്പാർട്ട്മെന്റുകളുള്ള ഡാഫോഡിൽ ബംഗളൂരുവിലെ എച്ച്എസ്ആർ ലേഔട്ടിലെ 9 ഏക്കറിലാണു സ്ഥിതി ചെയ്യുന്നത്. ഗ്രീൻ ബിൽഡിങ് കൺസപ്റ്റിൽ നിർമിച്ച ഈ ഭവന പദ്ധതിയുടെ മൊത്തം ചെലവ് 159.60 കോടിയാണ്. ഭവന നിർമാണ ബിസിനസ് 1000 കോടി കവിഞ്ഞ 2010ൽ തന്നെ സിഎൻബിസി അവാർഡ് ലഭിച്ചത് ഏറെ അഭിമാനകരമെന്നു ശോഭ ഡെവലപ്പേഴ്സ് മാനേജിങ് ഡയറക്റ്റർ ജെ.സി. ശർമ പറഞ്ഞു.